## കറൻസിനോട്ടുകൾ സ്റ്റാപ്പിളടിക്കുന്ന ബാങ്കുകൾ ശിക്ഷാർഹർ: ആർ.ബി.ഐ

2004 ജനുവരി 8

നോട്ട്കെട്ടുകൾ സ്റ്റാപ്പിൾ ചെയ്യുന്നത് പൂർണ്ണമായും നിരോധിച്ചിരിക്കുന്നു എന്നും ഏതെങ്കിലും ബാങ്കോ ശാഖയോ സ്റ്റാപ്പിൾ ചെയ്ത അവസ്ഥയിലുള്ള നോട്ടുകെട്ടുകൾ കൊടുക്കുകയോ വാങ്ങുകയോ ചെയ്യരുത് എന്നും ആർ.ബി.ഐ ആവർത്തിച്ചു. ഏതെങ്കിലും ബാങ്കോ ശാഖയോ സ്റ്റാപ്പിൾ ചെയ്ത നോട്ടുകെട്ടുകൾ കൊടുക്കുകയോ വാങ്ങുകയോ ചെയ്യുന്നതായി കണ്ടാൽ ബി. ആർ.എ, 1949 ലെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം അത് ശിക്ഷാർഹമാകും എന്നും ആർ.ബി.ഐ കൂട്ടിച്ചേർത്തു.

റിസർവ് ബാങ്ക് കഴിഞ്ഞ വർഷം ബി. ആർ.എ 1949 ലെ ഖണ്ഡം 35A പ്രകാരം പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, തദ്ദേശീയ പ്രദേശ ബാങ്കുകൾ എന്നിവയടക്കം എല്ലാ വാണ ിജ്യ ബാങ്കുകളോടും നോട്ടുകെട്ടുകൾ സ്റ്റാപ്പിൾ ചെയ്യുന്നത് നിർത്തി കടലാസ് ബാന്റുകൾ കൊണ്ട് കെട്ടണമെന്ന് നിർദ്ദേശിച്ചിരുന്നു. പൊതുജനങ്ങൾക്ക് വൃത്തിയുള്ള നോട്ടുകൾ മാത്രം നൽകുക, നോട്ടുകളിലെ ജലചിഹ്നത്തിന്മേൽ ഒരു തരത്തിലുള്ള എഴുത്തും വരാതിരിക്കാൻ ശ്രദ്ധിക്കുക എന്നീ നിർദ്ദേശങ്ങളും ആർ.ബി.ഐ ബാങ്കുകൾക്ക് നൽകിയിരുന്നു. പക്ഷെ, നഗരസഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കുകളും ജില്ലാതല കേന്ദ്രസഹകരണ ബാങ്കുകളും അടക്കം ചില ബാങ്കുകൾ /ശാഖകൾ സ്റ്റാപ്പിൾ ചെയ്ത നോട്ടുകെട്ടുകൾ സ്വീകരിക്കുകയോ നൽകുകയോ ചെയ്യുന്നത് തുടരുന്നു എന്ന പരാതി പൊതുജനങ്ങളിൽ നിന്ന് ആർ.ബി.ഐ ക്ക് കിട്ടിയിട്ടുണ്ട്. സ്റ്റാപ്പിൾ ചെയ്യുന്നത് കറൻസി നോട്ടുകളുടെ ആയുർദൈർഘ്യം കുറയ്ക്കുകയും അവയ്ക്ക് കേടുവരുത്തുകയും ചെയ്യുന്നതിന് പുറമേ ഉപഭോക്താക്കൾക്ക് അവയുടെ പിന്നുകൾ ഊരാനും മറ്റും ബുദ്ധിമുട്ടാണ് എന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

അൽപ്പന കില്ലാവാല
മുഖ്യ പൊതുകാര്യദർശി

പത്രക്കുറിപ്പ് 2003-2004/841